# ഛത്തീസ്ഗഢിൽ മൂന്ന് നഗരസഭാ അധ്യക്ഷരെ ജനം തിരിച്ചുവിളിച്ചു

**റായ്പൂർ:** ഛത്തീസ്ഗഢിന്റെ ചരിത്രത്തിലാദ്യമായി മൂന്ന് നഗരസഭാ അധ്യക്ഷരെ ജനങ്ങൾ തിരിച്ചുവിളിച്ചു. ഭാരതി സ്വാങ്കർ, ധൊറൻ ഖാൽകൊ (ഇരുവരും കോൺഗ്രസ്), സീതാറാം ഗെനേകർ (സ്വതന്ത്രൻ) എന്നിവർക്കാണ് സ്ഥാനം നഷ്ടപ്പെട്ടത്.

ഛത്തീസ്ഗഢ് മുനിസിപ്പാലിറ്റി ആക്ടിലെ 47-ാം വകുപ്പ് പ്രകാരം രഹസ്യവോട്ടിലൂടെയാണ് മൂന്ന് നഗരസഭാ അധ്യക്ഷന്മാർക്ക് തങ്ങളുടെ സ്ഥാനം നഷ്ടപ്പെട്ടതെന്ന് ഛത്തീസ്ഗഢ് മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണൽ ഡോ. സുശീൽ ത്രിവേദി മാധ്യമപ്രവർത്തകരോട് പറഞ്ഞു.ഒരു മുനിസിപ്പൽ പ്രദേശത്തെ മൊത്തം വോട്ടിന്റെ പകുതിയിലധികവും ജനപ്രതിനിധികൾക്ക് എതിരാണെങ്കിൽ അയാളെ തിരിച്ചുവിളിക്കാൻ ഛത്തീസ്ഗഢ് മുനിസിപ്പാലിറ്റി നിയമം അനുശാസിക്കുന്നുണ്ട്. രഹസ്യബാലറ്റിലൂടെയായിരിക്കണം വോട്ടർമാർ അഭിപ്രായം പ്രകടിപ്പിക്കേണ്ടതെന്ന് നിയമത്തിലുണ്ട്. ഇതനുസരിച്ച് ദുർഗാ ജില്ലയിലെ നവഗഢിൽ ആകെ പോൾ ചെയ്ത 2023 വോട്ടുകളിൽ 805 എണ്ണം മാത്രമാണ് സ്വതന്ത്രനായ സീതാറാം ഗെനേകറിന് ലഭിച്ചത്. 1146 പേർ ഇദ്ദേഹത്തെ വിളിക്കണമെന്ന് ആവശ്യപ്പെട്ട് വോട്ട് ചെയ്തു. ഇതേ ജില്ലയിലെ ഗുനുർദിഹിയിൽ കോൺഗ്രസ് പ്രതിനിധി ഭാരതി സ്വാങ്കറിനെ തിരിച്ചുവിളിക്കണമെന്നാവശ്യപ്പെട്ട് 3425ൽ 1977 പേർ വോട്ട് ചെയ്തു. 1369 വോട്ടുകളാണ് ഇവർക്ക് അനുകൂലമായി ലഭിച്ചത്.

സർഗു ജില്ലയിലെ രാജ്പുരിയിൽ കോൺഗ്രസിലെ തന്നെ ധോറൻഖാൽകോക്കാണ് അധ്യക്ഷപദം നഷ്ടമായത്. ആകെ പോൾ ചെയ്തതിൽ 1569 വോട്ടുകളും ഖാൽകോക്ക് എതിരായിരുന്നു. വിഭജിക്കപ്പെടുന്നതിന് മുമ്പ് നിരവധിതവണ മധ്യപ്രദേശിൽ ഇത്തരം വോട്ടെടുപ്പ് നടന്നിട്ടുണ്ടെന്നും ത്രിവേദി പറഞ്ഞു. എന്നാൽ 2000 നവംബർ 1ന് ഛത്തീസ്ഗഢ് സംസ്ഥാനം നിലവിൽവന്നതിന് ശേഷം ആദ്യമായാണ് ഇങ്ങിനെയൊരു വോട്ടെടുപ്പ് നടന്നതെന്നും അദ്ദേഹം പറഞ്ഞു.

---

## 114 കോടി + 3 വർഷം C/o. എ.ഡി.ബി. ▶ തൃശ്ശൂർ 2011

തലക്കെട്ട് : മാതൃഭൂമി നഗരം 2008 ജൂൺ 19

ഇടതുസർക്കാർ വികസനത്തിനായി പണ്ട് അവർ എതിർത്തിരുന്ന അതേ ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിന്റെ വായ്പവാങ്ങി തൃശൂരിലും ഉപയോഗിക്കുന്നു. സുസ്ഥിര നഗരവികസനമെന്ന ഇമ്പമുള്ള പേരിലാണ് പദ്ധതിയെങ്കിലും 2011 നകം പണി പൂർത്തിയാക്കി പലിശയടക്കം തുക അടച്ചില്ലെങ്കിൽ പാവം ജനങ്ങൾക്ക് പിന്നീട് സുസ്ഥിരതയുണ്ടാകില്ല.

**പുസ്തകം ഇറങ്ങുന്നു**

**അതിരപ്പിള്ളി ചാലക്കുടി പുഴ**

പഠനം, നിരീക്ഷണം, അനുഭവം, ഓർമ്മ, യാത്ര, ഫോട്ടോകൾ, പെയിന്റിങ്ങ്, സ്കെച്ച്, കവിതകൾ..... വൈകാതെ പ്രതീക്ഷിക്കുക.

കേരളീയം പുസ്തകശാല,
കൊക്കാലെ, തൃശൂർ-21



ഫോട്ടോ : സുനിൽ സഫര്യ

**കേരളീയം കൂട്ടായ്മ**

താങ്കളുടെ സഹായം തേടുന്നു

**കൂട്ടായ്മ അംഗത്വം 10,000 രൂപ**

ആജീവനാന്ത വരിസംഖ്യ വിദേശത്തേക്ക് 8000 രൂപ

ഇന്ത്യയിൽ 5,000 രൂപ

വാർഷിക വരിസംഖ്യ 12 ലക്കം

ഇന്ത്യയിൽ 240 രൂപ സ്ഥാപനങ്ങൾക്ക് 500 രൂപ

വിദേശത്തേക്ക് 1000 രൂപ

കത്തുകൾ, വാർത്തകൾ, സംഭാവന, വരിസംഖ്യ

ബന്ധപ്പെടുക :

കേരളീയം, കൊക്കാലെ, തൃശൂർ-21

ഫോൺ : 9446576943, 9447674375